കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാറനല്ലൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.1/1657 /2017

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in
തീയതി : 10.8.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാറനല്ലൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മാറനല്ലൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികൾക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1)സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി. 1/ 1657/2017 തീയതി: 10.8.2017

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.11.2016 മുതൽ 22.6.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനാ വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : | ശ്രീ എ.ജമാലുദ്ദീൻ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.6.2017 മുതൽ 1.7.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ | : | ശ്രീ. മുഹമ്മദ് സലീം. എ, ഓഡിറ്റ് |

| | |
|---|---|
| ഉദ്യോഗസ്ഥർ | ഓഫീസർ<br>ശ്രീ. സുരേഷ് ബാബു.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. കോസല രാമദാസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി ആശ. ജി. ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി കുമാരി മായ | 1.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീമതി ത്രേസ്യാമ്മാ ആന്റണി<br>ശ്രീ. സന്തോഷ് കുമാർ. ജി.<br>ശ്രീ. രാജ് കുമാർ. ജി. | 1.4.2016 മുതൽ 05.1.2017 വരെ<br>6.1.2017 മുതൽ 15.2.2017 വരെ<br>16.2.2017 മുതൽ 31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി സിന്ധു. | 1.4.2016 മുതൽ 31.3.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഷിബികുമാർ | 1.4.2016 മുതല 31.1.2017 വരെ |

| | | |
|---|---|---|
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ശ്രീരമ്യ | 1.2.2017 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി ശാന്തി വിജയ ഭാരതി | 1.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. സുബി. വി.പി.<br>ഡോ. നീതു ഐസക്<br>ഡോ. സുബി. വി.പി. | 1.4.2016 മുതൽ 19.9.2016 വരെ<br>20.9.2016 മുതൽ 19.3.2017 വരെ<br>20.3.2017 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അന്ന ചന്ദ്രൻ | 1.4.2016 മുതൽ 31.3.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി കുമാരി സുമ | 1.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ക്ലമന്റ് | 1.4.2016 മുതൽ 31.3.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. അയ്യൻകണ്<br>ഡോ. അരുൺ കുമാർ | 1.4.2016 മുതൽ 18.10.2016 വരെ<br>19.10.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ഷീബ. കെ.എസ്.<br>ശ്രീ. സന്തോഷ് കുമാർ. ജി. | 1.4.2016 മുതൽ 5.1.2017 വരെ<br>6.1.2017 മുതൽ 31.3.2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. കൃഷ്ണകുമാർ | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഡി & ഒ ലൈസൻസ് അപാകതകൾ | 2-1 | |
| 13 | സ്ഥാപന തൊഴിൽ നികുതി അടവാക്കുന്നതിൽ കൃത്യത പാലിക്കുന്നില്ല. | 2-2 | |
| 14 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. | 2-3 | |
| 15 | പരസ്യ നികുതി ഈടാക്കുന്നില്ല. | 2-4 | |
| | ഭാഗം 3 | | |
| 16 | മഴക്കാല പൂർവ ശുചീകരണ പദ്ധതി ചെലവു രേഖകൾ അപൂർണ്ണം - തടസ്സം 60000/- രൂപ | 3-1 | |
| 17 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണം പദ്ധതി നടപ്പാക്കിയിട്ടില്ല. | 3-2 | |
| 18 | അംഗനവാടികൾ വാടക കെട്ടിടങ്ങളിൽ | 3-3 | |

| | | | |
|---|---|---|---|
| | പ്രവർത്തിക്കുന്നു | | |
| 19 | ഓട്ടോറിക്ഷ നൽകൽ (എസ്.പി.സി.)ഓട്ടോറിക്ഷാ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല. നഷ്ടം 750000/- | 3-4 | |
| 20 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-5 | |
| 21 | തുക ചെലവഴിച്ചിട്ടും ഹോംകോ (ആലപ്പുഴ), ഔഷധി, കരുണ്യഫാർമസി തൈക്കാട് എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല. | 3-6 | |
| 22 | കുടിവെള്ളക്കരം ഒടുക്കൽ വാട്ടർ അതോരിറ്റിയിൽ നിന്നുള്ള രസീത് ഹാജരാക്കിയില്ല. തടസ്സം 168875/- രൂപ | 3-7 | |
| 23 | വൈദ്യുതി ലൈൻ നീട്ടൽ പൂർത്തീകരണം/ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 3-8 | |
| 24 | കേരളോത്സവം - മൈക്ക്സെറ്റ് ഉപയോഗം - ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച | 3-9 | |
| 25 | വാഹനം അറ്റകുറ്റപണി ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. 20995/- രൂപ. | 3-10 | |
| 26 | നവകേരളാ മിഷൻ - ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-11 | |
| 27 | ലൈബ്രറി സെസ് ഇനത്തിൽ അടച്ചച 38770/- രൂപയുടെ രസീത് ഹാജരാക്കിയില്ല. | 3-12 | |
| 28 | സിമന്റ് ഹോളോ ബ്ലോക്ക് ഉപയോഗിച്ചതിന് അധിക നിരക്കും തുകയും നൽകി. നഷ്ടം 10570/- രൂപ | 3-13 | |

| | | | |
|---|---|---|---|
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 21.3.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ പ്രതീക്ഷിത വരവ് 21,12,50,299.95 രൂപയും പ്രതീക്ഷിത ചെലവ് 20,58,58,939/- രൂപയും നീക്കിയിരിപ്പ് 53,91,360.95 രൂപയുമായിരുന്നു. എന്നാൽ റസീപ്റ്റ്സ് ആന്റ് പേമെന്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെയുള്ള വരവ് 9,83,73,416.55/- രൂപയും ചെലവ് 8,13,50,675/- രൂപയും നീക്കിയിരിപ്പ് 1,70,22,741.55/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31.7.2017 | | | |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നം. /തീയതി |
|---|---|---|
| 2016-17 | | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് : 14471399.55/-

വരവ് : 83902017.00/-

ആകെ : 98373416.55/-

ചെലവ് : 81350675.00/-

നീക്കിയിരിപ്പ് : 17022741.55/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 16676886 | 16676886 | 16676886 | -- |
| വികസനഫണ്ട് എസ്.സി.പി. | | 8894633 | 8894633 | 8894633 | -- |
| വികസനഫണ്ട് ടി.എസ്.പി. | | 115148 | 115148 | 115148 | -- |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 12161106 | 12161106 | 12161106 | -- |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | | 4963316 | 4963316 | 4963316 | -- |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7858977 | 11964684 | 19823661 | 11645547 | 8178114 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | -- | 10438382 | 10438382 | 10438382 | -- |
| എം.എൻ.ആർ.ഇ.ജി.എസ്. | 16875 | 1189820 | 1206695 | 1189730 | 16965 |
| ബി ഫണ്ട് | -- | 1969080 | 1969080 | 1969080 | -- |
| പെർഫോമൻസ് ഗ്രാന്റ് | -- | 5120033 | 5120033 | 5120033 | -- |
| തനത് ഫണ്ട് | 4563688 | 5917975 | 10481663 | 2036514 | 8445149 |
| മറ്റുള്ളവ | 2031859.55 | 4490954 | 6522813.55 | 6140300 | 382513.55 |
| ആകെ | 14471399.55 | 83902017 | 98373416.55 | 81350675 | 17022741.55 |

വാർഷിക ധനകാര്യപത്രിക - അപാകതകൾ

Income and expenditure പത്രികയിൽ ആകെ ചെലവ് വരവിനേക്കാൾ കൂടുതലായി കാണുന്നു. (വ്യത്യാസം 1538457/- രൂപ) കൂടാതെ വിധവാ പെൻഷൻ അനുവദിച്ച തുകയിൽ I.14(d)യിലെ തുക 17184300/- രൂപ ആണ്. എന്നാൽ ഈ ഇനത്തിലെ I(6)-ലെ തുക 16704300/- രൂപ ആണ്. വ്യത്യാസം നിലനിൽക്കുന്നു.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും നടപ്പിലാക്കിയ പ്രോജക്ടുകളുടെയും വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 233 | | 174 | | 38 | 21 | 74.6 |

പഞ്ചായത്ത് സമിതിയുടെ അനുമതിയോടെ 233 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും ആകെ 174 പദ്ധതികൾ മാത്രമാണ് സ്പിൽ ഓവർ ഉൾപ്പെടെ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ അംഗീകാരം ലഭ്യമാക്കിയശേഷം പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ന്യായീകരിക്കാവുന്നതല്ല. ആയതിനാൽ ഭാവിയിൽ അംഗീകാരം ലഭിക്കുന്ന മുഴുവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|

| | 2015-16 | 2016-17 | | (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3473973 | 3372268 | -101705 | |
| നികുതിയേതര വരവുകൾ | 569715 | 616627 | 46912 | |
| മറ്റു വരവുകൾ | 520000 | 1929080 | 1409080 | |
| ആകെ | 4563688 | 5917975 | 1354287 | |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1489080 | 983 |
| കർഷകതൊഴിലാളി പെൻഷൻ | 4246900 | 535 |
| വിധവാപെൻഷൻ | 16704300 | 1830 |
| വാർദ്ധക്യകാലപെൻഷൻ | 24413935 | 2699 |
| വികലാംഗപെൻഷൻ | 4774275 | 554 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 480000 | 36 |
| 50 വയസിനുമേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1026440 | 10 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.6.2017 രാവിലെ 11 എ.എം. ന് സ്ഥാപന തലവന്റെ /ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7630/- രൂപയുടെ ക്യാഷ് ബാലൻസിന്റെ /നീക്കിയിരിപ്പിന്റെ

കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസും തൊഴിൽ നികുതിയും സ്ഥാപനനികുതിയും നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഓഡിറ്റോറിയങ്ങൾ, ടൂട്ടോറിയൽ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ തുടങ്ങി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമായി തയ്യാറാക്കി ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവർക്ക് ലൈസൻസ് നൽകുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൊഴിൽ നികുതിയീടാക്കുമ്പോൾ ആകെ അർദ്ധവാർഷിക വരുമാനത്തിൽ എല്ലാ വരുമാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി തൊഴിൽ നികുതി ഈടാക്കി നികുതിയിനത്തിലെ വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മുഴവൻ മൊബൈൽ ടവറുകളിൽ നിന്നും കുടിശ്ശികയില്ലാതെ വസ്തു നികുതി പിരിച്ചെടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകളിൽ നിന്നും ചട്ടപ്രകാരമുള്ള പരസ്യനികുതി ഈടാക്കുവാൻ ബൈലാ നിർമ്മിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതയിനത്തിൽ കുടിശ്ശികയായി നിൽക്കുന്ന മുഴവൻ തുകയും പിരിച്ചെടുക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കേണ്ടതണ്. അംഗീകാരം ലഭിക്കുന്ന മുഴവൻ പദ്ധതികളും നടപ്പിലാക്കേണ്ടതാണ്. അംഗനവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ന്യൂനതകൾ പരിഹരിക്കേണ്ടതണ്. തൊഴിലുറപ്പ് പദ്ധതിൽ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകേണ്ടതാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കാർഷിക മേഖലയ്ക്ക് മതിയായ പ്രാധാന്യം നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുന്നവർക്ക് ലഭ്യമാക്കാൻ പറ്റുന്ന തൊഴിലവസരങ്ങൾ ഉണ്ടെങ്കിൽ ആയത് അത്തരക്കാർക്ക് ഉറപ്പ് വരുത്തേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളിൽ അംഗീകാരം ലഭിക്കുന്ന മുഴവൻ പദ്ധതികളും നടപ്പിലാക്കി പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 31.1.2017 | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.4.2017 മുതൽ 4.5.2017 | 2010-2011 മുതൽ 2014-15 വരെ | 29.6.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് അപാകതകൾ

1998ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ അപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമാണ് രജിസ്റ്ററിൽ ഉൾക്കൊള്ളിക്കുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലെ കച്ചവട സ്ഥാപനങ്ങളെ മുഴുവൻ ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ഡി & ഒ രജിസ്റ്റർ പ്രകാരം 260 സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്നും ലൈസൻസ് വാങ്ങിയിട്ടുണ്ട്. ഇത് സംബന്ധിച്ച് 30.6.2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ടായിരുന്നെങ്കിൽ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികളെടുക്കുവാൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുവാനും ട്രേഡേഴ്സ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതിനും വേണ്ട സത്വരനടപടികൾ ഭരണ സമിതി സ്വീകരിക്കേണ്ടതാണ്.

## 2-2 സ്ഥാപന-തൊഴിൽ നികുതി - അടവാക്കുന്നതിൽ കൃത്യത പാലിക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204ൽ നിഷ്കർഷിക്കുന്നത്, ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപനങ്ങൾക്കും സ്വയംതൊഴിൽ ചെയ്യുന്നവർക്കും

വർഷത്തിൽ രണ്ട് അർദ്ധവാർഷിക നികുതി നിരക്ക് ചുമത്താമെന്നാണ്. മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഒന്നാം അർദ്ധവർഷത്തിൽ ആകെ 63 സ്ഥാപനങ്ങളിൽ 15 സ്ഥാപനങ്ങൾ മാത്രം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധ വർഷത്തിൽ ഒറ്റ സ്ഥാപനവും നികുതി അടവാക്കിയിട്ടില്ല. മാത്രമല്ല, ഒന്നാം അർദ്ധവർഷത്തിൽ നിന്നും രണ്ടാം അർദ്ധവർഷത്തിൽ 49120/- രൂപയുടെ കുറവും സംഭവിച്ചിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് 28.6.2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 4 ന് ചുവടെ ചേർക്കും പ്രകാരം ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2016-17 ഒന്നാം അർദ്ധവർഷത്തിലും രണ്ടാം അർദ്ധവർഷത്തിലും 17 സ്ഥാപനങ്ങളും സ്ഥാപനതൊഴിൽ നികുതി അടവാക്കിയതായും, സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾക്ക് ആയത് ഒടുക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ടെന്നും, സ്ഥാപന തൊഴിൽ നികുതി ഒടുക്കുന്ന മുറയ്ക്ക് വിവരം ആഡിറ്റിനെ രേഖാമൂലം അറിയിക്കുന്നതാണെന്നും, ഒന്നാം അർദ്ധവർഷത്തിൽ നിന്നും രണ്ടാം അർദ്ധവർഷത്തിൽ 49120/- രൂപയുടെ കുറവ് വന്നിട്ടുള്ളത് കുടിശ്ശികയായി 2017 മാർച്ച് 31 ന് ശേഷം ഒടുക്കയിട്ടുണ്ടെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. സ്ഥാപന തൊഴിൽ നികുതി കുടിശ്ശികയായി ഒടുക്കിയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തിന്റെ തനത് വരുമാനമായ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും 100% ഡിമാന്റ് ചെയ്തു ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## **2-3** മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള/പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വിശദാംശങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചു വരുന്നില്ല. മാത്രമല്ല, അവയിൽ നിന്നും വസ്തു നികുതി ഈടാക്കുന്നുമില്ല. മൊബൈൽ ടവർ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഈടാക്കേണ്ടതാണെന്നാണ് ജി.ഒ.(എം.എസ്.)നം. 113/2009/ത.സ്വ.ഭ.വ. തീയതി 2.1.2009 നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഏറ്റവും വലിയ തനത് വരുമാന സ്രോതസ്സായ വസ്തു നികുതി ഈടാക്കുന്നതോടൊപ്പം മൊബൈൽ ടവറുകളിൽ നിന്നും ആയത് ഈടാക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ ഭരണതലത്തിൽ നിന്നും ഉണ്ടാവേണ്ടത് അത്യന്താപേക്ഷിതമാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-4** പരസ്യനികുതി ഈടാക്കുന്നില്ല.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം

ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ പരസ്യങ്ങൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നികുതി ഈടാക്കുന്നില്ല. പരസ്യനികുതി ഈടാക്കുന്നതിനായി പരസ്യ നികുതി ബൈലോ പാസാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതിന് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഓഡിറ്റ് നിർദ്ദേശിച്ചിരുന്നു. ടി വിഷയത്തിന്മേൽ 1.7.2017ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് പരസ്യ നികുതി ഈടാക്കുന്നതിനായി 15.5.2017ൽ ബി3/4240/17-ാം കത്ത് പരസ്യനികുതി ബൈലോ അംഗീകരിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുകയും എന്നാൽ പ്രസ്തുത ബൈലോ നിശ്ചിത മാതൃകയിലല്ല എന്ന് കാണിച്ച് 15.6.2017ൽ എ4/6285/17 നമ്പർ കത്ത് മുഖേന അറിയിച്ച് ലഭിച്ചിട്ടുള്ളതായും ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശാനുസരണം നിശ്ചിത മാതൃകയിൽ പുനഃസമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനമായ പരസ്യനികുതി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതിന് ഭരണതലത്തിൽ അടിയന്തിര നടപടികൾക്ക് സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മഴക്കാല പൂർവ്വ ശുചീകരണ പദ്ധതി - ചെലവ് രേഖകൾ അപൂർണ്ണം - 60000/- രൂപ തടസ്സപ്പെടുത്തുന്നു

മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രവൃത്തിയായിരുന്നു മഴക്കാല പൂർവ്വ ശുചീകരണ പദ്ധതി. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പഞ്ചായത്തിന്റെ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും വാർഡ് ഒന്നിന് 10000/- രൂപ പ്രകാരം 210000/- രൂപ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകൾക്കും വാർഡ് ശുചിത്വമിഷൻ കമ്മിറ്റി ഭാരവാഹിയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. പല വാർഡുകളിലും തുകയുടെ 50% വും ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. നാമമാത്രമായ വാർഡുകളിൽ മാത്രമാണ് ടി തുക ശുചീകരണ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിട്ടുള്ളതെന്ന് ലഭ്യമാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിലയിരുത്തുന്നു. ആകെ 21 വാർഡുകളിൽ 15 വാർഡുകൾ മാത്രമാണ് വിനിയോഗ വിവരവും ചെലവ് രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടുള്ളത്. കുഴിവിള, അരമാളൂർ, കൊറ്റംപള്ളി, മണ്ണടിക്കോണം, വേട്ടമംഗലം, ഊരുട്ടമ്പലം, എന്നീ വാർഡുകളിലെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധമായി 6.7.2017ൽ നൽകിയ ഓഡിറ്റ് എൻക്വറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ

സാഹചര്യത്തിൽ മതിയായ ചെലവ് രേഖകളില്ലാതെ ചെലവഴിച്ച 60000/- രൂപ ഓഡിറ്റ് തടസത്തിൽ വയ്ക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, രോഗ നിർണ്ണയ സർവേകൾ, വിവരശേഖരങ്ങൾ, സാധാരണ ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമേ പ്രത്യേക സമയങ്ങളിലെ ശുചീകരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാവർക്കർ എന്നിവരിലൂടേയും NRHM പരിപാടികൾ ഉപയോഗപ്പെടുത്തിയുമാണ് മഴക്കാല പൂർവ്വ ശുചീകരണ പദ്ധതികൾ പോലെയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്.

## 3-2 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം - പദ്ധതി നടപ്പാക്കിയിട്ടില്ല.

പ്രോജക്ട് പേര് - തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം.

പ്രോജക്ട് നം. - എസ്.ഒ.007/17

അടങ്കൽ - 100000/-

ഫണ്ടിനം - തനത് ഫണ്ട്

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

മേഖല - ജനറൽ/മൃഗസംരക്ഷണം

ഉപമേഖല - രോഗ നിയന്ത്രണം.

വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി " തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണം " എന്ന പ്രോജക്ടിന് (നം. എസ്.ഒ. 007/17) 1,00,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടങ്കൽ വകയിരുത്തി വികസന സ്റ്റാന്റിംഗ് കമ്മിറ്റി 13.6.2016ലെ 1(1)ാം നമ്പർ തീരുമാനമായി 2016-17 വാർഷിക പദ്ധതിയിൽ സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു. എന്നാൽ ടി പദ്ധതി ഗ്രാമപഞ്ചായത്ത് പ്രസ്തുത സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ 29.6.2017ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 7 ന് നേമം ബ്ലോക്കിൽ തെരുവ് നായ്ക്കളെ പിടിക്കുന്നതിനും തുടർന്ന് ഓപ്പറേഷൻ മുഖാന്തിരം വന്ധ്യകരണം ചെയ്യുന്നതിനും, പാർപ്പിക്കുന്നതിനുമുള്ള സജ്ജീകരണം (സെന്റർ) ഇല്ലാത്തതും കൂടാതെ മാറനല്ലൂർ മൃഗാശുപത്രിയിൽ ഓപ്പറേഷൻ തീയറ്ററോ മേൽ വിവരിച്ച സൗകര്യങ്ങളോ ഇല്ലാത്തതിനാലുമാണ് പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. മാത്രമല്ല, വകുപ്പ് തലത്തിൽ പ്രജനന നിയന്ത്രണ കേന്ദ്രം രൂപീകരിക്കുന്ന മുറയ്ക്ക് ജനോപകാരപ്രദമായ ഇത്തരം പദ്ധതികൾ സ്പിൽ ഓവറായി തുടരുന്ന വിവരവും വെറ്ററിനറി സർജൻ മറുപടിയായി നൽകിയിട്ടുണ്ട്. സാമൂഹ്യനന്മ ഉറപ്പു വരുത്തുന്ന ഇത്തരം പദ്ധതികൾക്ക്

മുന്തിയ പരിഗണന നൽകി പദ്ധതി നടപ്പിലാക്കാൻ നിർവഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-3 അംഗനവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

മാറനല്ലൂർ ഗ്രാമപഞ്ചായത്തിൽ ആകെ 41 അംഗനവാടികളിൽ 22 എണ്ണം സ്വന്തം കെട്ടിടത്തിലും 19 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കുടിവെള്ളം ലഭ്യമല്ലാത്തത് 2 എണ്ണം (ചീനിവിള, പാറവിള) എന്നീ അംഗൻവാടികളാണ്. പോഷകാഹാരത്തിന്റെ ഗുണനിലവാരവും സ്വീകരിക്കുന്നവരുടെ എണ്ണവും ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാണെന്നും എല്ലാ അംഗൻവാടികളിലും വെൽഫയർ കമ്മിറ്റിയും മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ടെന്നും അംഗൻവാടികളിലെ പ്രവർത്തനവും ഭക്ഷണ വിതരണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലും ദിനാചരണങ്ങളിലും വാർഡ് ജനപ്രതിനിധികളുടെ സജീവ സാന്നിദ്ധ്യം ഉണ്ടാകാറുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8ന് ഗ്രാമപഞ്ചായത്തിൽ ചുമതലയുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി നൽകിയിട്ടുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പ്രവർത്തനം സ്വന്തം കെട്ടിടങ്ങളിലാക്കുവാനും എല്ലാ അംഗൻവാടികൾക്കും പാചകവാതകം, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ ലഭ്യത ഉറപ്പാക്കുവാനും, ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗൻവാടികളെ സംബന്ധിച്ച പരാമർശം മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും ഉണ്ടായിട്ടുള്ളതാണ്. എന്നാൽ അധികൃതർ അർഹിക്കുന്ന പ്രാധാന്യം നൽകി തുടർനടപടി സ്വീകരിച്ചിട്ടില്ല. മാത്രമല്ല, 2016-17 സാമ്പത്തിക വർഷത്തിൽ അംഗൻവാടികളുടെ അധിക വാടകയിനത്തിൽ 72000/- രൂപ പ്രോജക്ടിൽ (SO057/17) അടങ്കൽ വകയിരുത്തി 63748/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്താനും അവയുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ഓട്ടോറിക്ഷ നൽകൽ/(എസ്.സി.പി.) - ഓട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല - 750000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. -എസ്.ഒ. 080/17

പ്രോജക്ടിന്റെ പേര് -ഓട്ടോറിക്ഷ നൽകൽ/എസ്.സി.പി.

ചെലവ് - 750000/-

(ബിൽ നം. 4/16-17 തീയതി 18.1.2017)

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്റ്റ് പ്രകാരം ഓട്ടോറിക്ഷ വാങ്ങുന്നതിനായി പഞ്ചായത്തിലെ എസ്.സി. വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സബ്സിഡിയിനത്തിൽ ഓരോ ഗുണഭോക്താവിനും 50000/- രൂപ വീതം നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. സബ്സിഡിയായി 15 പേർക്ക് ആകെ 750000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയിലെ ഒരു ഗുണഭോക്താവായ ശ്രീ. സജിയ്ക്ക് സബ്സിഡിയിനത്തിൽ 50000/- രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും (അക്കൗണ്ട് നം. 67992092714 തീയതി 2.3.2017, എസ്.ബി.റ്റി.) ടിയാൻ ആട്ടോറിക്ഷ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ശ്രീ. സജിയുടെ പേരിലുള്ള ഓട്ടോയുടെ ആർ.സി. ബുക്കിന്റെ പകർപ്പ്, കൈമാറ്റം ചെയ്യില്ലായെന്നുള്ള കരാർ ഉടമ്പടി തുടങ്ങിയ അധികാരിക രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 5/20.6.2017) ആർ.സി. ബുക്കിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 3-5 മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

(എ) പി.എച്ച്.സി.യ്ക്ക് മരുന്നു വാങ്ങൽ (പ്രോജക്റ്റ് നം. എസ്.ഒ.040/17) പ്രകാരം 20000/- രൂപ ലാബിലേയ്ക്ക് റീ ഏജന്റ് വാങ്ങുന്നതിനായി ബിൽ നം. 10/17 തീയതി 31.3.2017 പ്രകാരം പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. ലാബ് റീ ഏജന്റ് ക്വട്ടേഷൻ /ടെണ്ടർ കൂടാതെ വാങ്ങാൻ അനുവാദമുള്ള സർക്കാർ അനുവാദമുള്ള സർക്കാർ ഓട്ടോണോമസ് സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിനാണ് പ്രോജക്റ്റ് പ്രകാരം അംഗീകാരം ലഭ്യമായിട്ടുള്ളത്.

എന്നാൽ റീ ഏജന്റ് വാങ്ങുന്നതിനുള്ള ഇൻവോയിസ് ഇൻടെക്, ഏറ്റുമാനൂർ കോട്ടയം, ബയോടെക് സൊല്യൂഷൻസ് മണക്കാട് എന്നീ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിലെ അംഗീകൃത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. ക്വട്ടേഷൻ മുഖേനയാണ് റീഏജന്റ്സ് വാങ്ങുന്നതിന് നടപടി സ്വീകരിച്ചതെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 1/24.6.2017) നിർവഹണ ഉദ്യോഗസ്ഥ മറുപടി നൽകിയില്ല. എന്നാൽ ഇതു സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. ഡി.പി.സി. അംഗീകരിച്ച പ്രോജക്ടിലെ നിർദ്ദേശങ്ങളും നിബന്ധനകളും പാലിച്ചുകൊണ്ട് പദ്ധതി നിർവഹണം നടത്താൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

(ബി) സാന്ത്വന ചികിത്സ എന്ന പ്രോജക്ടിനായി (പ്രോജക്റ്റ് നം. എസ്.ഒ. 041/17) 2016-17 സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും 392020/- രൂപ

ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ടിലെ പാലിയേറ്റീവ് കെയറിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ചില അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഹോകെയർ ടീമിനായുള്ള ഭക്ഷണ ചെലവിനുള്ള തുക ക്ലയിം ചെയ്യുന്നുണ്ടെങ്കിലും ചെലവിനാധാരമയ രേഖകൾ (ഹോട്ടൽ ബിൽ, അംഗങ്ങളുടെ ഹാജർ സംബന്ധിച്ച രേഖകൾ) വൗച്ചറിനൊപ്പം ഉൾപ്പെടുത്തുന്നില്ല. പാലിയേറ്റീവ് കെയർ മാർഗ രേഖ പ്രകാരം പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സി.(പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി)യുടെ മീറ്റിംഗ് രണ്ട് മാസത്തിലൊരിക്കലെങ്കിലും അല്ലെങ്കിൽ ആവശ്യാനുസരണം യോഗങ്ങളും നടത്തേണ്ടതാണ്. എന്നാൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ യോഗങ്ങൾ കൃത്യമായി സംഘടിപ്പിക്കുന്നില്ലായെന്ന് കാണുന്നു. പാലിയേറ്റീവ് കെയർ പദ്ധതി ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുവാനും പരിചരണം ആവശ്യമുള്ള രോഗികൾക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കുവാനും നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തുക ചെലവഴിച്ചിട്ടും ഹോംകോ (ആലപ്പുഴ), ഔഷധി, കാരുണ്യ ഫാർമസി (തൈക്കാട്) എന്നീ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ ഔഷധി, കാരുണ്യ എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകിയിട്ടുണ്ടെങ്കിലും മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ/ തുക നൽകിയത് | മരുന്ന് ലഭ്യമായത് (രൂ.) | മരുന്ന് ലഭ്യമാകാനുള്ളത് (രൂ.) |
|---|---|---|---|---|
| 1 | എസ്.ഒ.043/17 ഹോമിയോ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | 225000/- ഹോംകോ ആലപ്പുഴ (ബിൽ നം. 3/16-17 തീയതി 28.1.2017) | -- | 225000/- |
| 2. | എസ്.ഒ.042/17 ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ | 700000/- ഔഷധി, പത്തനാപുരം (ഡി.ഡി. നം. | 678581/- | 21419/- |

| | | | | |
|---|---|---|---|---|
| | | 540812/27.10.2016 | | |
| 3 | എസ്.ഒ.097/17 വൃദ്ധജനപരിപാലനം | 500000/- ഔഷധി (ഡിഡി നം. 540978/17.11.2016) | 468384/- | 31616/- |
| 4. | എസ്.ഒ.0040/17 പി.എച്ച്.സി.യ്ക്ക് മരുന്ന വാങ്ങൽ | 280000/- കാരുണ്യ ഫാർമസി തൈക്കാട് (ബിൽ. നം. 7/17 തീയതി 4.3.2017) | 133202/- | 146798/- |
| | | | 424833/- | |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് അനുബന്ധ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 3-7 കുടിവെള്ളക്കരം ഒടുക്കൽ ; വാട്ടർ അതോറിറ്റിയിൽ നിന്നുള്ള രസിത് ഹാജരാക്കിയില്ല - 168875/- രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം. 30/17 കുടിവെള്ളക്കരം ഒടുക്കൽ എന്ന പദ്ധതിയിലേയ്ക്ക് ബിൽ നം. 28/16-17 തീയതി 26.12.2016 പ്രകാരം 168875/- രൂപ ഒടുക്കിയിട്ടുണ്ടായിരുന്നു. നെയ്യാറ്റിൻകരയുള്ള കേരള വാട്ടർ അതോറിറ്റി ഓഫീസിൽ നിന്നുള്ള പ്രസ്തുത തുകയുടെ രസീത് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ആയതിനാൽ മേൽ തുകയുടെ ചെലവ് ആഡിറ്റിൽ തടസ്സം ചെയ്യുന്നു. രസീത് അടിയന്തിരമായി ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 വൈദ്യുതി ലൈൻ നീട്ടൽ-പൂർത്തീകരണം/ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നം. 217/17 സെക്രട്ടറി നിർവഹണം , വൈദ്യുതി ലൈൻ നീട്ടൽ (ബിൽ നം. 36/16-17/27.12.2017- 905890/- രൂപ , ബിൽ നം. 37/16-17 - 14.3.2017- 53545/- രൂപ) എന്ന പ്രോജക്ടിനു വേണ്ടി ചെലവഴിച്ച മുഴുവൻ തുകയുടേയും പൂർത്തീകരണ/ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 12 ന് നൽകിയ മറുപടിയിൽ പ്രസ്തുത പ്രവൃത്തി നടന്നു കൊണ്ടിരിക്കുകയാണ് പൂർത്തീകരണ മുറയ്ക്ക് കെ.എസ്.ഇ.ബി.യിൽ നിന്നും രേഖകൾ

വാങ്ങി ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-9 കേരളോത്സവം - മൈക്ക് സെറ്റ് ഉപയോഗം - ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച

സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ട് നം. 28/16-17 പ്രകാരമുള്ള കേരളോത്സവം എന്ന പ്രോജക്ടിൽ ബിൽ നം. 27/16-17 തീയതി 26.12.2016 പ്രകാരം 18000/- രൂപയുടെ മൈക്ക് സെറ്റ് ഉപയോഗത്തിനായി ശ്രീ രശ്മി സൗണ്ട്സ് കണ്ടലയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് ടി സ്ഥാപനത്തിന് തുക നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12) മറുപടിയിൽ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടത്ര സമയം ലഭിക്കാത്തതിനാലാണ് ക്വട്ടേഷൻ ക്ഷണിക്കാത്തതെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭാവിയിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-10 വാഹനം അറ്റകുറ്റപണി ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല 20995/- രൂപ തടസ്സപ്പെടുത്തുന്നു.

ചെക്ക് നം. 427954/21.10.2016 (വൗച്ചർ ന്. 21600630/21.10.2016) 20995/- രൂപയും വൗച്ചർ ന്. 259/15.6.2016 പ്രകാരം 4589/- രൂപയും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ.-20എഫ്9943 നമ്പർ വാഹനത്തിന് പണി ചെയ്ത ഇനത്തിൽ റ്റി.വി. സുന്ദരം അയ്യങ്കാർ ആന്റ് സൺസ് പ്രൈവറ്റ് ലിമിറ്റഡിൽ 20995/- രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം സർക്കാർ അംഗീകാരത്തിലുള്ള സ്ഥാപനമാണെന്ന രേഖകൾ ഒന്നും തന്നെ ആഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ വാഹനത്തിന്റെ പണി ചെയ്തതിന്റെ ബിൽ, പണി നിർവഹിച്ചതു സംബന്ധിച്ചുള്ള പഞ്ചായത്ത് ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ, ബന്ധപ്പെട്ട വാഹനത്തിന്റെ മെയിന്റനൻസ് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് തൃപ്തികരമായ മറുപടി ഹാജരാക്കിയിട്ടില്ല. മതിയായ രേഖകളുടെ അഭാവത്തിൽ 20,995/- രൂപയുടെ ചെലവ് ആഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 നവകേരള മിഷൻ ചെലവ് രേഖകൾ ഹാജരാക്കിയില്ല 21400/- രൂപ തുക തടസ്സപ്പെടുത്തുന്നു.

നവകേരള മിഷന്റെ ഭാഗമായി 8.12.2016ൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ താഴെ പറയുന്ന വാർഡുകളിൽ നടത്തിയ ശുചീകരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഭക്ഷണ ഇനത്തിൽ തുക ചെലവഴിയ്ക്കുകയുണ്ടായി. എന്നാൽ ബന്ധപ്പെട്ട പ്രവൃത്തിയിൽ

ബന്ധപ്പെട്ടവരുടെ ലിസ്റ്റോ, പ്രവൃത്തി നടന്നതായിട്ടുള്ള ഫോട്ടോയോ ഹാജരാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച അന്വേഷന കുറിപ്പിനും (നം. 14) മറുപടി നൽകിയിട്ടില്ല. ടി രേഖകളുടെ അഭാവത്തിൽ തുക 21400/- രൂപ തടസ്സപ്പെടുത്തുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡിന്റെ പേര് | വൗച്ചർ നം./ തീയതി | ചെക്ക് നം. തീയതി | തുക |
|---|---|---|---|---|
| 1 | ഓഫീസ് വാർഡ് | 2160123/15.2.2017 | 405462/15.2.2017 | 4100 |
| 2 | മേലാരിയോട് | 21601027/15.12.2016 | 405465/15.2.2017 | 4500 |
| 3 | വണ്ടന്നൂർ | 21601026/15.2.2017 | 405465/15.2.2017 | 4300 |
| 4 | ചീനിവിള | 21601025/15.2.2017 | 405464/15.2.2017 | 4500 |
| 5 | പാലോട്ടുകോണം | 21601024/15.2.2017 | 405463/15.2.2017 | 4000 |
| | | | | 21400/- |

## 3-12 ലൈബ്രറി സെസ് ഇനത്തിൽ അടച്ച 38770/- രൂപയുടെ രസീത് ഹാജരാക്കിയില്ല.

വൗച്ചർ നം. 241/16-17 തീയതി 7.6.2016 പ്രകാരം മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 രണ്ടാം പാദം ലൈബ്രറി സെസ് ഇനത്തിൽ 38770/- രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിന് നൽകിയിട്ടുണ്ട്. എന്നാൽ ടി തുക അടച്ചതിന്റെ ലൈബ്രറി കൗൺസിൽ നിന്നുള്ള കൈപ്പറ്റ് രസീത് ഹാരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 13 ന് രേഖാമൂലം ആവശ്യപ്പെട്ട രസീത് ഹാജരാക്കാമെന്ന് മറുപടി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 38770/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 സിമന്റ് ഹോളോബ്ലോക്ക് ഉപയോഗിച്ചതിന് അധിക നിരക്കും തുകയും നൽകി - നഷ്ടം -10570/- രൂപ

പദ്ധതി നം. 159/17

പദ്ധതി - കുരിശോട്ടുകോണം അംഗനവാടി ചുറ്റുമതിൽ നിർമ്മാണവും അനുബന്ധ പ്രവൃത്തികളും

അടങ്കൽ -

ചെലവ് തുക - 377189/-

എം. ബുക്ക് നം. - 171/16-17

കൺവീനർ - ശ്രീ. ചന്ദ്രൻ.

ബിൽ നം. - 59/16-17 തീയതി 30.1.2017

മേൽ സൂചിപ്പിച്ച പ്രവൃത്തിയ്ക്ക് എം. ബുക്ക് ഇനം നം. 4ൽ ചുറ്റമതിൽ നിർമ്മാണത്തിനും മറ്റ് അനുബന്ധ പ്രവൃത്തികൾക്കുമായി 15.64 എം$^3$ അളവിൽ 40 x 20 x 10 cm വലിപ്പമുള്ള സിമന്റ് ഹോളോബ്ലോക്ക് ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഫൗണ്ടേഷൻ ലെവലിന് മുകളിൽ മാത്രം ചെയ്ത ടി പ്രവൃത്തികൾക്ക് 2-ാം നില മുതൽ 5-ാം നില വരെ പണി ചെയ്യുന്നതിനുള്ള സിമന്റ് ബ്ലോക്കിന്റെ നിരക്കാണ് അനുവദിച്ചിരിക്കുന്നത്. എന്നാൽ മതിൽ നിർമ്മാണത്തിന് ഈ നിരക്ക് അനുവദനീയമല്ല. ടി അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നം. 11 തീയതി 30.6.2017) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ തുക ചുവടെ പറയും പ്രകാരം നിരാകരിക്കുന്നു.

പ്രവൃത്തി ചെയ്ത അളവ് - 15.64 എം$^3$

നൽകിയ നിരക്കും തുകയും - 5814.93/ എം$^3$ = 90945.50

നൽകേണ്ട നിരക്കും തുകയും -15.64 എം$^3$ @ 5139.07/ എം$^3$= 80375.05

അധികം നൽകിയ നിരക്ക് - 10570/-

ടി നഷ്ട തുക 10570/- ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത് | | 49/17 ബഡ്സ് സ്കൂൾ സ്കോളർഷിപ്പ് ബത്ത നൽകൽ | 50000 | 50000 | |
| ജില്ലാ | | 50/17 ബഡ്സ് | 200000 | | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | സ്കൂൾ കുട്ടികളുടെ പോഷകാഹാര യാത്രാ സൗകര്യം | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | കെ.എസ്.ഇ.ബി. | വൈദ്യുതി ലൈൻ നീട്ടൽ | | 1012790 | | 1012790 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | | 2288100 | 2288100 | 2288100 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 83902017/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 81350675/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 10570/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1025770/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായതുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും, |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-17 | | 10570 | ശ്രീ. ക്ലമന്റ്, അസിസ്റ്റന്റ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

<table>
<tr><th>ഖണ്ഡിക നമ്പർ</th><th>തടസ്സപ്പെടുത്തിയ തുക</th><th>ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും</th></tr>
<tr><td>3-1</td><td>60000</td><td>ഡോ. സുബി.വി.പി.,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.</td></tr>
<tr><td>3-4</td><td>750000</td><td>ശ്രീ. സന്തോഷ് കുമാർ ജി.,<br>അസിസ്റ്റന്റ് സെക്രട്ടറി</td></tr>
<tr><td>3-7</td><td>168875</td><td rowspan="4">ശ്രീമതി ത്രേസ്യാമ്മ ആന്റണി,<br>സെക്രട്ടറി</td></tr>
<tr><td>3-10</td><td>20995</td></tr>
<tr><td>3-11</td><td>4500</td></tr>
<tr><td>3-12</td><td>21400</td></tr>
</table>

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ക്ലമന്റ് അസിസ്റ്റന്റ് എഞ്ചിനീയർ | റ്റി.എസ്. ഭവൻ, ആറയൂർ, ഉദിയൻകുളങ്ങര | റ്റി.എസ്. ഭവൻ, ആറയൂർ, ഉദിയൻകുളങ്ങര |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽഎഫ്.റ്റിഡി.6(എ)/1236/99 | 03 | |
| 1998-99 | എൽഎഫ്.റ്റിഡി.6(എ)/850/00 | 6 | |
| 1999-00 | എൽഎഫ്.റ്റിഡി.6(എ)/880/01 | 15 | |
| 2000-01 | എൽഎഫ്.റ്റിഡി.ജി.പി.1/258/02 | 12 | |
| 2001-02 | എൽഎഫ്.റ്റിഡി.ജി.പി.4/328/03 | 9 | |
| 2002-03 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 2 | |
| 2003-04 | എൽഎഫ്.റ്റിഡി.ജി.പി.4/884/06 | 3 | |
| 2004-05 | എൽഎഫ്.റ്റിഡി.ജി.പി.4/1224/07 | 5 | |
| 2005-06 | എൽഎഫ്.റ്റിഡി.ജി.പി.4/1125/08 | 7 | |

| | | | |
|---|---|---|---|
| 2006-07 | എൽഎഫ്.റ്റിഡി.ജി.പി.4/1051/09 | 8 | |
| 2007-08 | എൽഎഫ്.റ്റിഡി.ജി.പി.4/747/15 | 7 | |
| 2008-09 | എൽഎഫ്.റ്റിഡി.ജി.പി.4/748/11 | 8 | |
| 2009-10 | എൽഎഫ്.റ്റിഡി.ജി.പി.4/2413/12 | 17 | |
| 2010-11 | എൽഎഫ്.റ്റിഡി.ജി.പി.4/2640/11 | 15 | |
| 2011-12 | എൽഎഫ്.റ്റിഡി.ജി.പി.4/2568/13 | 13 | |
| 2012-13 | എൽഎഫ്.റ്റിഡി.ജി.പി.4/1863/14 | 23 | |
| 2013-14 | എൽഎഫ്.റ്റിഡി.ജി.പി.4/881/2015 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.1051/2016 | | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജിപി.5/ 2036/2016/29.11.2016 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുള്ളതും ചുവടെ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യൂനതകളും ഒഴികെ എന്റെ അഭിപ്രായത്തിൽ മാറനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകൾ

1. Income and expenditure പത്രികയിൽ ആകെ ചെലവ് വരവിനേക്കാൾ കൂടുതലായി കാണുന്നു. (വ്യത്യാസം 1538457/- രൂപ ) .

2. വിധവാ പെൻഷൻ അനുവദിച്ച തുകയിൽ I.14(d)യിലെ തുക 17184300/- ആണ്. എന്നാൽ ഈ ഇനത്തിലെ I(6)-ലെ തുക 16704300/- രൂപയാണ്. വ്യത്യാസം നിലനിൽക്കുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്